**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക്, പെരുമാട്ടി വില്ലേജ് ബ്ലോക്ക് 43, റീസർവ്വേ നമ്പർ 722/3/1 ൽ ഉൾപ്പെട്ട 0.4492 ഹെക്ടർ (44.92 ആർ) സർക്കാർ പുറമ്പോക്ക് ഭൂമി, കളിസ്ഥലം നിർമ്മിക്കുന്നതിനായി പെരുമാട്ടി ഗ്രാമ പഞ്ചായത്തിന് 10 വർഷത്തേക്ക് പാട്ടത്തിന് നൽകി പുറപ്പെടുവിച്ച ഉത്തരവ് - റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

**റവന്യൂ (യു ) വകുപ്പ്**

സ.ഉ.(കൈ) നം.88/2025/RD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:- 1. 27/12/2023-ലെ സ.ഉ(കൈ ) നം.287/2023/RD നമ്പർ ഉത്തരവ്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15/01/2025 ലെ LR/1925/2021-LR(J9) നം. റിപ്പോർട്ട്

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക്, പെരുമാട്ടി വില്ലേജ് ബ്ലോക്ക് 43, റീസർവ്വേ നമ്പർ 722/3/1 ൽ ഉൾപ്പെട്ട 0.4492 ഹെക്ടർ (44.92 ആർ) സർക്കാർ പുറമ്പോക്ക് ഭൂമി പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്, കമ്പോള വിലയുടെ 1 % പാട്ട നിരക്കിൽ, 29648/- രൂപ (ഇരുപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) വാർഷിക പാട്ടം കണക്കാക്കി കളിസ്ഥലം നിർമ്മിക്കുന്നതിനായി 1964 ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും, മറ്റ് നിബന്ധനകൾക്കും വിധേയമായി 10 വർഷത്തേക്ക് പാട്ടത്തിന് പരാമർശം ( 1 ) പ്രകാരം അനുവദിച്ചിരുന്നു.

2. എന്നാൽ പാട്ടനിരക്ക് ഒഴിവാക്കി സൗജന്യമായി കളിസ്ഥലം അനുവദിക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിനു പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതായി കത്ത് ലഭ്യമായിട്ടുണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പാട്ടത്തുക ഒടുക്കുന്നതിന് പഞ്ചായത്ത് അധികൃതർ തയ്യാറാകാത്ത സാഹചര്യത്തിൽ, 1964-കേരള ഭൂപതിവ് ചട്ടങ്ങളിലെ പാട്ടങ്ങളും ലൈസൻസുകളും സംബന്ധിച്ച ചട്ടം - 15(3) പ്രകാരം, സർക്കാർ പുറമ്പോക്ക് ഭൂമി 1% നിരക്കിൽ പാട്ടത്തിന് അനുവദിച്ചു പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്യാവുന്നതാണെന്നു ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക്, പെരുമാട്ടി വില്ലേജ് ബ്ലോക്ക് 43, റീസർവ്വേ നമ്പർ 722/3/1 ൽ ഉൾപ്പെട്ട 0.4492 ഹെക്ടർ (44.92 ആർ) സർക്കാർ പുറമ്പോക്ക് ഭൂമി പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്, കമ്പോള വിലയുടെ 1 % പാട്ട നിരക്കിൽ, 29648/- (ഇരുപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) വാർഷിക പാട്ടം കണക്കാക്കി, കളിസ്ഥലം നിർമ്മിക്കുന്നതിനായി, 1964 ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും, മറ്റ് നിബന്ധനകൾക്കും വിധേയമായി 10 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗോപകുമാർ.ആർ.എൽ

അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, പാലക്കാട്

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

ധനകാര്യ (EXP-D ) വകുപ്പ്
പ്രസിഡന്റ്, പെരുമാട്ടി ഗ്രാമ പഞ്ചായത്ത്, വണ്ടിത്താവളം പി ഓ, പാലക്കാട്.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 29-03-2025 16:20:51

പകർപ്പ് :- ബഹു റവന്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ -ക്ക്